# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 918 | 09/8/2017 -ലെ മറുപടി

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബുകളും 33 സബ്-ഡിവിഷണൽ ലാബുകളും എറണാകുളം ജില്ലയിൽ ഒരു സ്റ്റേറ്റ് ലാബും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ കുടിവെള്ളത്തിന്റെ ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും ഗുണനിലവാരം വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കൂടാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ ലാബുകൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലാബുകൾ എന്നിവിടങ്ങളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാവുന്നതാണ്. |
| (ബി) | എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലകളിൽ കുടിവെള്ളത്തിൽ കൂടി പകരുന്ന മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു അനലിറ്റിക്കൽ ലാബ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ആലുവ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബിന്റെ കീഴിൽ മൂവാറ്റുപുഴയിൽ ജലഗുണനിലവാര പരിശോധനയ്ക്കായി ജല അതോറിറ്റിയുടെ ഒരു സബ് ഡിവിഷണൽ ലാബ് ഇപ്പോൾ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/